37. എടയ്ക്കാട്

38. പന്യനൂർ

39. തൃപ്രങ്ങോട്ടൂർ

40. ചിറ്റാരിപ്പറമ്പ്

41. മങ്ങാട്ടിടം

42. പാട്യം

43. വെങ്ങാട്

44. തില്ലങ്കേരി

45. കീഴൂർ - ചാവശ്ശേരി

46. കണിച്ചാർ

47. കോളയാട്

48. പട്ടുവം

49. കോളച്ചേരി

50. മുന്തേരി

51. പാനൂർ

മുകളിൽ സൂചിപ്പിച്ചവയിൽ കടമ്പൂർ പെരിങ്ങളം പൂഴാതി, ഉളിക്കൽ കോളഞ്ചേരി, തൃപ്രങ്ങോട്ടൂർ, കണിച്ചാർ, പട്ടുവം, കോളച്ചേരി, മുന്തേരി, പാനൂർ എന്നീ 11 പഞ്ചായത്തുകൾ ഒഴികെ ബാക്കിയുള്ള 40 പഞ്ചായത്തുകളിലും NRHM മുഖേന സ്ഥാപിച്ചിട്ടുള്ള താത്ക്കാലിക ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്.

(സി) പുതിയ ഡിസ്പെൻസറികൾ അനുവദിക്കുമ്പോൾ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) ഹോമിയോപ്പതി ഡിസ്പെൻസറികളിലും ആശുപത്രികളിലും ഇപ്പോൾ ആവശ്യത്തിനുള്ള മരുന്നുകൾ സ്റ്റോക്കുണ്ട്.

മാലിന്യ സംസ്കരണ പ്ലാന്റ്

76 (4954) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലിനീകരണ നിയന്ത്രണ ബോർഡും ആലപ്പുഴ ജില്ല കളക്ടർ ചെയർമാനായ 'അക്സെപ്റ്റ്' സൊസൈറ്റിയും ചേർന്ന് അരൂരിലെ ചന്തിരൂരിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പൊതുമാലിന്യ സംസ്കരണ പ്ലാന്റിന് കേന്ദ്ര സർക്കാരിന്റെ ഐ.ഐ.യു.എസ്. (ഇൻഡസ്ട്രിയൽ ഇൻഫ്രാ സ്ട്രക്ചർ അപ്ഗ്രഡേഷൻ

LIBRARY ARCHIVES Kerala Legislative Assembly

സ്കീം)-ൽ നിന്നും ഫണ്ട് അനുവദിപ്പിക്കുന്നതിന് വ്യവസായ വകുപ്പുമായി ചേർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

അരൂർ മണ്ഡലത്തിലെ ചന്തിരൂരിൽ സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷന്റെ സഹായത്തോടെ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം വ്യവസായ വകുപ്പ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

മലിനീകരണ നിയന്ത്രണ നിയമങ്ങൾ

77 (4955) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലീനീകരണ നിയന്ത്രണ നിയമങ്ങൾ ലംഘിക്കുന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നതായിട്ടാണ് മലീനീകരണ നിയന്ത്രണ ബോർഡ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ഇതിൽ സ്വകാര്യ വ്യവസായങ്ങൾ എത്ര ; പൊതുമേഖലാസ്ഥാപനങ്ങൾ എത്രയെന്നും അറിയിക്കുമോ ;

(സി) പൊതുമേഖലാ വ്യവസായങ്ങൾ ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(ഡി) എറണാകുളം ജില്ലയിൽ ചാലക്കുടിപ്പുഴ മലിനീകരണം സൃഷ്ടിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(എഫ്) സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണ നിയമങ്ങൾ കർശനമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ - എഫ്) വിവരം ശേഖരിച്ചു വരുന്നു.

മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം

78 (4956) ശ്രീ. കെ. ബി. ഗണേഷ്കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം എന്നത്തേക്ക് പൂർണ്ണരൂപത്തിലാകുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly